# കേരള നിയമസഭ
## 17.07.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂലൈ 17, ചൊവ്വ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

<u>മറുപടി നൽകുന്ന മന്ത്രിമാർ</u>

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി

<u>ലൈബ്രറി സെസ്സ്</u>

*721 ശ്രീ. എം. ഉമ്മർ
,, എൻ. ഷംസുദ്ദീൻ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രോപ്പർട്ടി ടാക്സിനൊപ്പം ഈടാക്കുന്ന ലൈബ്രറി സെസ്സ്, സർക്കാരിന് കൈമാറാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സിന്റെ കണക്ക് പ്രത്യേകമായി സൂക്ഷിക്കാനുള്ള സംവിധാനം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(സി) ലൈബ്രറി സെസ്സ് യഥാകാലം കൈമാറുന്ന കാര്യത്തിൽ കർശന നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ

## 17.07.2012-ലെ മറുപടിക്ക്

അജ്ഞാതരോഗങ്ങൾ മൂലം ദുരിതമനുഭവിക്കുന്നവരെ സഹായിക്കാൻ പദ്ധതി

*722 ശ്രീ. പി. എ. മാധവൻ
,, കെ. ശിവദാസൻ നായർ
,, എം. എ. വാഹീദ്
,, ഡൊമനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അജ്ഞാതരോഗങ്ങൾ മൂലം ദുരിതമനുഭവിക്കുന്നൂവരെ സഹായിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇവർക്കായി പ്രത്യേക പദ്ധതിക്ക് രൂപം നൽകുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ നല്കാമോ ;

(സി) ഇതിനായി നിലവിലുള്ള നിയമങ്ങളിൽ ഭേദഗതിയും മാനദണ്ഡങ്ങളിൽ മാറ്റവും വരുത്തുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട് ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 17.07.2012-ലെ മറുപടിക്ക്

<u>സ്റ്റേഷനറി സാധനങ്ങൾ</u>

*723 ശ്രീ. റ്റി. വി. രാജേഷ്
,, പി. കെ. ഗുരുദാസൻ
,, എളമരം കരീം
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിനാവശ്യമായ സ്റ്റേഷനറി ഇനങ്ങൾക്ക് പ്രധാനമായും ആശ്രയിക്കുന്നത് സംസ്ഥാനത്തിന് പുറത്തുളള സ്ഥാപനങ്ങളെയാണോ;

(ബി) സംസ്ഥാനത്തുതന്നെ ഉല്പാദിപ്പിക്കുകയോ നിർമ്മിക്കുകയോ ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നു മാത്രമേ സ്റ്റേഷനറി സാധനങ്ങൾ വാങ്ങുകയുളളൂ എന്ന നിലപാട് സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് ആവശ്യമായ സ്റ്റേഷനറി സാധനങ്ങൾ ഇവിടെ തന്നെ തയ്യാറാക്കപ്പെടുന്നതിന് സ്റ്റേഷനറി വകുപ്പ് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 17.07.2012-ലെ മറുപടിക്ക്

<u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കാലാവധി</u>

*724 ശ്രീ. കെ.കെ. നാരായണൻ
,, എ. കെ. ബാലൻ
,, സി. കെ. സദാശിവൻ
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അധികകാലം തുടരാനാകില്ലെന്ന കേന്ദ്ര ഗ്രാമവികസന മന്ത്രി ശ്രീ.ജയറാം രമേഷിന്റെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് ഇന്ത്യാ ഗവൺമെന്റിന്റെ നിലപാടാണോ എന്ന കാര്യം ആരാഞ്ഞിട്ടുണ്ടോ; ഇത് ശരിയാണെങ്കിൽ സംസ്ഥാനത്ത് ബദൽ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ;

(സി) ഈ പദ്ധതി എത്ര കാലം തുടരണമെന്നാണ് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായമെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 17.07.2012-ലെ മറുപടിക്ക്

<u>ഇ-കൃഷി പദ്ധതി</u>

*725 പ്രൊഫ. സി. രവീന്ദ്രനാഥ്
ഡോ. കെ. ടി. ജലീല്‍
ശ്രീ. രാജു എബ്രഹാം
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൃഷിയുടെ വികസനത്തിന് സംസ്ഥാനത്ത് വിവര സാങ്കേതിക വിദ്യയുടെ പ്രയോഗം എന്താണെന്ന് വെളിപ്പെടുത്താമോ;

(ബി) ഇ-കൃഷി പദ്ധതി കൊണ്ട് ലക്ഷ്യമാക്കുന്നത് എന്താണ്; ഈ ലക്ഷ്യം കൈവരിക്കുന്നതിനുള്ള കര്‍മ്മ പദ്ധതി എന്താണെന്നും ഇതിന് ബഡ്ജറ്റില്‍ വകയിരുത്തപ്പെട്ട തുക എത്രയാണെന്നും ലക്ഷ്യം കൈവരിക്കുന്നതിന് ഇത് പര്യാപ്തമാണോ എന്നും വിശദീകരിക്കുമോ?

# കേരള നിയമസഭ
# 17.07.2012-ലെ മറുപടിക്ക്

<u>കാര്‍ഷികോല്പന്നങ്ങള്‍ക്ക് ന്യായ വില</u>

*726 ശ്രീ. പുരുഷന്‍ കടലുണ്ടി
,, എം.എ. ബേബി
,, കെ.വി. അബ്ദുള്‍ ഖാദര്‍
,, പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് കാര്‍ഷികോല്പന്നങ്ങള്‍ക്ക് ന്യായമായ വില ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികള്‍ വിശദീകരിക്കുമോ;

(ബി) ഇതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത് എന്നറിയിക്കാമോ; ഈ പദ്ധതികള്‍ക്ക് ഓരോന്നിനും നീക്കിവെച്ചിട്ടുള്ള തുക എത്രയെന്നറിയിക്കാമോ;

(സി) കാര്‍ഷിക വിപണിയില്‍ ഇടപെടുന്നതിന് കേന്ദ്ര സര്‍ക്കാരില്‍ നിന്നും എന്തെങ്കിലും സഹായം 2012-13 ല്‍ സര്‍ക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

# കേരള നിയമസഭ
# 17.07.2012-ലെ മറുപടിക്ക്

<u>പച്ചത്തേങ്ങ സംഭരണം</u>

*727 ശ്രീമതി കെ. കെ. ലതിക
ശ്രീ. കോടിയേരി ബാലകൃഷ്ണന്‍
ശ്രീ. ജെയിംസ് മാത്യു
,, വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് കേരകര്‍ഷകരില്‍ നിന്നും പച്ചത്തേങ്ങ സംഭരിക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികള്‍ വിശദമാക്കാമോ;

(ബി) ഏതെല്ലാം ഏജന്‍സികള്‍ മുഖേനയാണ് സംഭരണം നടത്തുന്നത് എന്നറിയിക്കാമോ;

(സി) എന്ത് നിരക്കിലാണ് പച്ചത്തേങ്ങ സംഭരണം നടത്തുന്നത്; നിരക്ക് നിശ്ചയിച്ചത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് എന്നറിയിക്കാമോ?

# കേരള നിയമസഭ
## 17.07.2012-ലെ മറുപടിക്ക്

<u>സംയോജിത കോഴി വികസന പദ്ധതി</u>

*728

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, എ. എം. ആരിഫ്
,, സി. കൃഷ്ണൻ
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കെ.എസ്. പി.ഡി.സി. യും ചേർന്ന് നടപ്പാക്കുന്ന സംയോജിത കോഴി വികസന പദ്ധതിയുടെ ലക്ഷ്യവും നേട്ടവും സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് കോഴിയുടെ ആവശ്യവും ലഭ്യതയും തമ്മിലുള്ള അന്തരം എത്രയാണ്;

(സി) കോഴി പൂർണ്ണമായും സംസ്ഥാനത്തു നിന്നുതന്നെ ഉല്പാദിപ്പിക്കുക എന്ന ലക്ഷ്യം സർക്കാരിന് ഉണ്ടോ; എങ്കിൽ അതിന് അനുസൃതമായി രൂപം നൽകിയ പദ്ധതിയും ബഡ്ജറ്റ് വിഹിതവും സംബന്ധിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
## 17.07.2012-ലെ മറുപടിക്ക്

<u>പതിനൊന്നാം പഞ്ചവൽസര പദ്ധതിയിൽ കൃഷിവികസനം</u>

*729 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. ഇ. പി. ജയരാജൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷിവികസനത്തിന് പതിനൊന്നാം പഞ്ചവൽസര പദ്ധതി വിഭാവനം ചെയ്ത പദ്ധതികളുടേയും പരിപാടികളുടേയും ലക്ഷ്യവും നേട്ടവും സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കാർഷിക ഉല്പാദനരംഗത്ത് എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചു; വ്യത്യസ്ത മേഖലയിലെ കർഷകരുടെ അവസ്ഥയിൽ പദ്ധതി എന്ത് മാറ്റം വരുത്തുകയുണ്ടായി;

(സി) കാർഷിക മേഖലയും കർഷകനും ഇപ്പോഴും നേരിടുന്ന പ്രമുഖ വെല്ലുവിളികൾ എന്തൊക്കെയാണെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 17.07.2012-ലെ മറുപടിക്ക്

<u>കാര്‍ഷിക വികസന രംഗത്തെ പദ്ധതികള്‍</u>

*730 ശ്രീ. എം. ചന്ദ്രന്‍
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാര്‍ഷിക വികസന രംഗത്ത് കൃഷിവകുപ്പും സഹകരണ വകുപ്പും സംയുക്തമായി നടപ്പിലാക്കി വരുന്ന പദ്ധതികള്‍ എന്തൊക്കെയാണ്;

(ബി) ഈ പദ്ധതികള്‍ നടപ്പിലാക്കുന്നതിന് രണ്ടു വകുപ്പുകളിലേയും പ്രവര്‍ത്തനങ്ങള്‍ സംയോജിപ്പിച്ചുകൊണ്ട് ഈ വര്‍ഷം എന്തെല്ലാം തീരുമാനങ്ങള്‍ എടുത്തിട്ടുണ്ട്; അവയില്‍ നടപ്പിലാക്കിയവ എന്തൊക്കെയാണ്;

(സി) ഇതിനായി ഈ വര്‍ഷം ഇതിനകം ചെലവഴിക്കപ്പെട്ട തുക എത്ര എന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 17.07.2012-ലെ മറുപടിക്ക്

<u>നഗരങ്ങളിലെ കെട്ടിട നികുതി വർദ്ധനവിന്റെ പുന:പരിശോധന</u>

*731 ശ്രീ. കെ. അച്ചുതൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ആർ. സെൽവരാജ്
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ കെട്ടിട നികുതി വർദ്ധനവ് പുന:പരിശോധിക്കുന്ന കാര്യം തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) എത്ര ചതുരശ്ര അടിവരെ വിസ്തീർണ്ണമുളള കെട്ടിടങ്ങൾക്കാണ് ഇളവുകൾ ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിന് എന്ന് മുതൽ പ്രാബല്യം നൽകാനാണ് ഉദ്ദേശിച്ചിട്ടുളളത്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.07.2012-ലെ മറുപടിക്ക്

<u>'ഹൈടെക് ഡെയറി' ഫാമുകളുടെ പ്രവർത്തനം</u>

*732 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹൈടെക് ഡെയറി ഫാമുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഇപ്രകാരം എത്ര ഡെയറി ഫാമുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്; വിശദമാക്കുമോ;

(ബി) ഹൈടെക് ഡെയറി ഫാമുകളുടെ സവിശേഷതകൾ എന്തെല്ലാമാണ്; ക്ഷീരമേഖലയുടെ വികസനത്തിന് ഇത് എത്രത്തോളം സഹായകരമാണ്; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് കൂടുതൽ ഹൈടെക് ഡെയറി ഫാമുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 17.07.2012-ലെ മറുപടിക്ക്

കിസാൻ ക്രെഡിറ്റ് പദ്ധതി പ്രകാരം വായ്പ

*733 ശ്രീമതി. ഇ. എസ്. ബിജിമോൾ
ശ്രീ. സി. ദിവാകരൻ
,, കെ. രാജു
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിസാൻ ക്രെഡിറ്റ് പദ്ധതി പ്രകാരം കർഷകർക്ക് പരമാവധി എത്ര രൂപ വരെ വായ്പ ലഭിക്കുന്നുണ്ട്;

(ബി) പൊതുമേഖലാ ബാങ്കുകൾ വഴി നടപ്പാക്കി വന്ന ഈ പദ്ധതിയിൽ ഷെഡ്യൂൾഡ് ബാങ്കുകളെയും സഹകരണ ബാങ്കുകളെയും കൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇത്തരം വായ്പകൾക്ക് പൊതുമേഖലാ ബാങ്കുകൾ എത്ര ശതമാനം പലിശയാണ് ഈടാക്കുന്നത്, ഷെഡ്യൂൾഡ് ബാങ്കുകളിലും സഹകരണ ബാങ്കുകളിലും എത്ര ശതമാനം പലിശയാണ് ഇതിന് നിശ്ചയിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഷെഡ്യൂൾഡ് ബാങ്കിനും സഹകരണ ബാങ്കിനും പലിശ സബ്സിഡി നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ഇത്തരം ബാങ്കുകളിൽ നിന്നും ഉയർന്ന പലിശനിരക്കിൽ വായ്പയെടുക്കുന്ന കർഷകരെ സഹായിക്കുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 17.07.2012-ലെ മറുപടിക്ക്

പച്ചക്കറി ഉല്പാദനവും ആവശ്യകതയും തമ്മിലുള്ള അന്തരം

*734 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, എം. ഹംസ
ശ്രീമതി കെ. കെ. ലതിക
ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനവും ആവശ്യകതയും തമ്മിലുള്ള അന്തരവും അത് പരിഹരിക്കുന്നതിനുള്ള നടപടികളും സംബന്ധിച്ച് വിശദമാക്കാമോ;

(ബി) പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കാനുള്ള പ്രഖ്യാപനങ്ങളും പദ്ധതികളും പ്രായോഗികമാക്കാനുള്ള ഫലപ്രദമായ എന്ത് ശ്രമങ്ങളാണ് കൃഷി വകുപ്പ് നടത്തിയിട്ടുള്ളത്;

(സി) സംസ്ഥാനത്തിനാവശ്യമായ പച്ചക്കറികളെല്ലാം സംസ്ഥാനത്തുതന്നെ ഉല്പാദിപ്പിക്കുക എന്ന ലക്ഷ്യമുണ്ടോ; ഇത് സാധിക്കുന്നതിന് ബഡ്ജറ്റിൽ പണം വകയിരുത്തപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 17.07.2012-ലെ മറുപടിക്ക്

<u>സോഷ്യൽ സെക്യൂരിറ്റി മിഷൻ</u>

*735 ശ്രീ. സി.പി. മുഹമ്മദ്
,, ഹൈബി ഈഡൻ
,, എ.റ്റി. ജോർജ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോഷ്യൽ സെക്യൂരിറ്റി മിഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ക്യാൻസർ ഉൾപ്പെടെയുള്ള മാരകരോഗങ്ങൾ ബാധിച്ചവർക്ക് സാന്ത്വനം നല്കുന്നതിനായി പ്രവർത്തിച്ചു വരുന്ന സന്നദ്ധ സംഘടനകളുമായി യോജിച്ച് സോഷ്യൽ സെക്യൂരിറ്റി മിഷൻ പദ്ധതികൾ നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ ;

(സി) ഇത് സംബന്ധിച്ച് രൂപരേഖ തയ്യാറാക്കാൻ നടപടികൾ സ്വീകരിച്ചി ട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.07.2012-ലെ മറുപടിക്ക്

<u>ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ പുനരധിവാസം</u>

*736 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ കണക്ക് എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര പേരുണ്ടെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(സി) മാതാപിതാക്കളുടെ കാലശേഷം അനാഥരാകുന്ന ബുദ്ധിമാന്ദ്യമുള്ള കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ;

(ഡി) ഇവരുടെ വൈദ്യ ശുശ്രൂഷയ്ക്കായി ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.07.2012-ലെ മറുപടിക്ക്

അനധികൃത മാംസവില്പന കേന്ദ്രങ്ങള്‍

*737 ശ്രീ. മാത്യു. റ്റി. തോമസ്
,, ജോസ് തെറ്റയില്‍
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ലൈസന്‍സ് ഇല്ലാതെ അറവുശാലകളും കോഴിഫാമുകളും മാംസവില്‍പ്പനകേന്ദ്രങ്ങളും പ്രവര്‍ത്തിക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയുവാന്‍ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഇവിടങ്ങളില്‍ നിന്നുള്ള മാംസാവിശിഷ്ടങ്ങളും മറ്റു മാലിന്യങ്ങളും സംസ്കരിക്കുവാനുള്ള സംവിധാനങ്ങള്‍ എന്തൊക്കെയാണെന്ന് വിലയിരുത്താറുണ്ടോ;

(ഡി) ഇത്തരത്തിലുള്ള ക്രമീകരണങ്ങള്‍ ഇല്ലാത്ത സ്ഥാപനങ്ങള്‍ക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
# 17.07.2012-ലെ മറുപടിക്ക്

യു.ഐ.ഡി.എസ്.എസ്.എം.ടി പദ്ധതി

*738 ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി
'' പി.കെ. ബഷീർ
'' അബ്ദുറഹിമാൻ രണ്ടത്താണി
'' സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറുകിട ഇടത്തരം പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യവികസനപദ്ധതി (യു.ഐ.ഡി.എസ്.എസ്.എം.ടി) യുടെ നാളിതുവരെയുള്ള പ്രവർത്തനം വിലയിരുത്തിയതിൽ നിന്ന് എത്തിച്ചേർന്ന പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതി മുഖേന സംസ്ഥാനത്തെ മുൻസിപ്പാലിറ്റികൾ പശ്ചാത്തല സൗകര്യവികസനകാര്യത്തിൽ ആർജ്ജിച്ച നേട്ടം വെളിപ്പെടുത്തുമോ;

(സി) നടപ്പു സാമ്പത്തികവർഷം ലക്ഷ്യമിട്ടിട്ടുള്ള പ്രധാന പ്രവർത്ത നങ്ങൾ എന്തെല്ലാമെന്നും അതിനായി ഏർപ്പെടുത്തിയിട്ടുള്ള മുന്നൊരുക്കങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 17.07.2012-ലെ മറുപടിക്ക്

<u>നഗരങ്ങളിലെ അനധികൃത കെട്ടിട നിർമ്മാണം</u>

*739 ശ്രീ. എം.എ. വാഹീദ്
,, പാലോട് രവി
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ അനധികൃത കെട്ടിട നിർമ്മാണങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നവരിൽ നിന്ന് കനത്ത പിഴ ഈടാക്കുവാൻ നിയമ നടപടികൾ കർശനമാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത്തരം നിർമ്മാണങ്ങൾ കണ്ടെത്താൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്?

# കേരള നിയമസഭ
## 17.07.2012-ലെ മറുപടിക്ക്

<u>കോര്‍പ്പറേഷനുകളിലെ ടാക്സ്മാപ്പിംഗ് സംവിധാനം</u>

*740 ശ്രീ. വി. എസ്. സുനില്‍ കുമാര്‍
,, കെ. രാജു
,, കെ. അജിത്
,, ജി. എസ്. ജയലാല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോര്‍പ്പറേഷനുകളില്‍ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി ടാക്സ് മാപ്പിംഗ് സംവിധാനം ഏര്‍പ്പെടുത്തിയിട്ടുണ്ടോ; എങ്കില്‍ ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നതെന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സംവിധാനത്തിലൂടെ നികുതി പിരിവ് എത്രമാത്രം വര്‍ദ്ധിപ്പിക്കാന്‍ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 17.07.2012-ലെ മറുപടിക്ക്

<u>കരനെൽകൃഷി പദ്ധതി</u>

*741 ശ്രീ. ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്
,, റ്റി. എൻ. പ്രതാപൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കരനെൽകൃഷി പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുമായി ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്?

# കേരള നിയമസഭ
## 17.07.2012-ലെ മറുപടിക്ക്

<u>സോയിൽ മ്യൂസിയം</u>

*742 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വി. ഡി. സതീശൻ
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സോയിൽ മ്യൂസിയം സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; എവിടെയാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് ; ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് സ്ഥാപിക്കുന്നത് ?

# കേരള നിയമസഭ
## 17.07.2012-ലെ മറുപടിക്ക്

<u>ക്ഷീരകർഷകർക്ക് പശുവിനെ വാങ്ങാൻ പലിശരഹിത വായ്പ</u>

*743 ശ്രീ. സണ്ണി ജോസഫ്
,, സി. പി. മുഹമ്മദ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകർക്ക് പശുവിനെ വാങ്ങാൻ പലിശരഹിത വായ്പാ പദ്ധതി ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം: വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏത് ഏജൻസിയാണ് ഈ പദ്ധതി നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.07.2012-ലെ മറുപടിക്ക്

മാലിന്യ നിർമ്മാർജ്ജനത്തിന് തെർമൽ സാങ്കേതിക വിദ്യ

*744 ശ്രീ. കെ. ശിവദാസൻ നായർ
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. റ്റി. ബൽറാം
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ മാലിന്യ നിർമ്മാർജ്ജനത്തിന് തെർമൽ സാങ്കേതിക വിദ്യ ഉപയോഗിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഏതൊക്കെ നഗരങ്ങളിലാണ് ഇതിനായി പ്ലാന്റുകൾ സ്ഥാപിക്കുന്നത്;

(സി) ഇവയുടെ മാലിന്യ സംസ്ക്കരണശേഷി എത്രയാണ്; വിശദമാക്കുമോ ;

(ഡി) ഇതിലൂടെ പ്രതിദിനം എത്ര ലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാനാകുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.07.2012-ലെ മറുപടിക്ക്

<u>കെ.എസ്.യു.ഡി.പി.യുടെ പ്രവർത്തന പുരോഗതി</u>

*745 ശ്രീ. എൻ. ഷംസുദ്ദീൻ
,, എം. ഉമ്മർ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏഷ്യൻ വികസന ബാങ്കിന്റെ ധനസഹായത്തോടെ നടപ്പാക്കുന്ന കെ.എസ്.യു.ഡി.പി. യുടെ നടപ്പുസാമ്പത്തിക വർഷത്തെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ജൂൺ 30 വരെയുള്ള ഭൗതികനേട്ടം എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ രണ്ടുവർഷങ്ങളിൽ പദ്ധതി പ്രവർത്തനത്തിൽ മാന്ദ്യമുണ്ടായതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് നീതിപൂർവ്വമാക്കാൻ സർവ്വേ നടത്തി അർഹരായവരുടെ/പ്രദേശത്തിന്റെ ലിസ്റ്റ് മുൻകൂട്ടി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.07.2012-ലെ മറുപടിക്ക്

**കേരള പഞ്ചായത്ത്രാജ് ആക്ടിൽ നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ച ഭേദഗതികൾ**

*746 ശ്രീ. കെ. രാധാകൃഷ്ണൻ
ഡോ. കെ. ടി. ജലീൽ
ശ്രീ. കെ. വി. വിജയദാസ്
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടിൽ കേരള പഞ്ചായത്ത് രാജ് ആക്ടിൽ കാലാനുസൃതമായ ഭേദഗതികൾ നിർദ്ദേശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ നിർദ്ദേശങ്ങളോടുള്ള നിലപാട് എന്താണ് എന്നറിയിക്കാമോ;

(സി) പ്രസ്തുത നിർദ്ദേശങ്ങൾക്കനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.07.2012-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്ത സ്ത്രീകൾക്കുള്ള ആനുകൂല്യങ്ങൾ</u>

*747 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ബെന്നി ബെഹനാൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്ത സ്ത്രീകൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്;

(ബി) എത്ര സ്ത്രീകൾക്കാണ് ഇങ്ങനെ ആനുകൂല്യങ്ങൾ ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ ആനുകൂല്യങ്ങൾക്കുള്ള തുക എവിടെനിന്നാണ് കണ്ടെത്തുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 17.07.2012-ലെ മറുപടിക്ക്

<u>മാലിന്യം പായ്ക്കറ്റിലാക്കി സൂക്ഷിക്കുന്നതിനുള്ള പദ്ധതി</u>

*748 ശ്രീ. വി. റ്റി. ബല്‍റാം
,, വി. പി. സജീന്ദ്രന്‍
,, ലൂഡി ലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ കോര്‍പ്പറേഷനുകളില്‍ മാലിന്യ സംസ്ക്കരണ പ്ലാന്റുകള്‍ സ്ഥാപിക്കുന്നതുവരെ മാലിന്യം പായ്ക്കറ്റുകളിലാക്കി സൂക്ഷിക്കാനുള്ള പദ്ധതിക്ക് രൂപം നല്‍കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം ഏജന്‍സിയുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കുന്നത്;

(സി) ഇതിനുള്ള തുക എവിടെ നിന്നാണ് കണ്ടെത്തുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 17.07.2012-ലെ മറുപടിക്ക്

വികസന അതോറിറ്റികളുടെ രൂപീകരണവും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അധികാരങ്ങളും

*749 ശ്രീ. വി. ചെന്താമരാക്ഷന്‍
,, സി. കെ. സദാശിവന്‍
,, എസ്. രാജേന്ദ്രന്‍
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പുതിയ വികസന അതോറിറ്റികള്‍ രൂപീകരിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങളിന്മേല്‍ കടന്നുകയറ്റത്തിന് ഇടയാക്കുമോ;ഇപ്രകാരമുള്ള കടന്നുകയറ്റം ഗുണകരമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പുതിയ അതോറിറ്റികള്‍ രൂപീകരിക്കാനുള്ള സര്‍ക്കാര്‍ തീരുമാനം ഏതെങ്കിലും പഠന റിപ്പോര്‍ട്ടിന്റെ അടിസ്ഥാനത്തിലുള്ളതാണോ; എങ്കില്‍ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ

## 17.07.2012-ലെ മറുപടിക്ക്

ഇന്ദിരാ ആവാസ് യോജന ഭവന പദ്ധതി

*750 ശ്രീ. ബി. ഡി. ദേവസ്സി
,, പി. കെ. ഗുരുദാസൻ
,, ബി. സത്യൻ
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇന്ദിരാ ആവാസ് യോജന പ്രകാരം 2012 -13 -ൽ എത്ര പുതിയ വീടുകൾ നിർമ്മിക്കാനും എത്ര വീടുകൾ പുനരുദ്ധരിക്കാനുമാണ് ഉദ്ദേശിക്കുന്നത്;

(ബി) എന്തു തുകയാണ് ഇതിനായി ഗുണഭോക്താക്കൾക്ക് നൽകുന്നതെന്ന് അറിയിക്കുമോ;

(സി) ഈ പദ്ധതി നടപ്പാക്കാനായി എന്തു തുക ചെലവഴിക്കേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇപ്പോൾ ഈ പദ്ധതി നടപ്പാക്കാനായി ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്ന തുക പര്യാപ്തമാണോ; ഇല്ലെങ്കിൽ എന്ത് പരിഹാര നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. കെ. മുരളീധരൻ,
തിരുവനന്തപുരം സെക്രട്ടറി - ഇൻ - ചാർജ്ജ്
2012 ജൂലൈ 8.